150 YEARS OF CELEBRATING THE MAHATMA

Break the chain

സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ

(ഹാജർ:ഷീബജോർജ്ജ് IAS)

തിരുവനന്തപുരം,

ഉത്തരവ് നം.SJD/100860/2019-E3

തീയതി. 14/09/2020

---

വിഷയം: സാമൂഹ്യ നീതി വകുപ്പ് - ജീവനക്കാര്യം - മെയിൽ അറ്റൻഡന്റ് / ഫീമെയിൽ അറ്റൻഡന്റ് (കാറ്റഗറി-43) തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം - വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിൽപ്പെട്ട യോഗ്യരായ ജീവനക്കാരിൽ നിന്നും ഓപ്ഷൻ സമർപ്പിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് നൽകുന്നത് - സംബന്ധിച്ച്

പരാമർശം : ഈ കാര്യാലയത്തിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള 03.08.2020 ലെ SJD/100860/19-E3 നമ്പർ പരിപത്രം

സാമൂഹ്യനീതി വകുപ്പിൽ നിലവിലുള്ള 10.08.2010 ലെ സൂചന പ്രകാരമുള്ള വിശേഷാൽ ചട്ട പ്രകാരമുള്ള തസ്തികയായ മെയിൽ അറ്റൻഡന്റ് / ഫീമെയിൽ അറ്റൻഡന്റ് (കാറ്റഗറി-43) തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് സർവ്വീസിലുള്ള 7 -ാം ക്ലാസ് യോഗ്യതയുള്ള ജീവനക്കാരിൽ നിന്നും നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പിൽ മെയിൽ അറ്റൻഡന്റ് തസ്തികയിൽ 7 ഒഴിവുകൾ നിലവിലുണ്ട്. ഈ ഒഴിവുകളിലേയ്ക്കും ഫീമെയിൽ അറ്റൻഡന്റ് തസ്തികയിൽ ഉണ്ടാകാൻ സാധ്യതയുള്ള ഒഴിവുകളിലേയ്ക്കും ഉദ്യോഗകയറ്റ നിയമനത്തിന് താൽപ്പര്യമുള്ള സാമൂഹ്യനീതി വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിൽപ്പെട്ട യോഗ്യരായ ജീവനക്കാരിൽ നിന്നും നിശ്ചിത മാതൃകയിലുള്ള ഓപ്ഷൻ ആഗസ്റ്റ് -21 ന് മുൻപ് സമർപ്പിക്കുന്നതിന് പരാമർശ പ്രകാരം പരിപത്രം പുറപ്പെടുവിച്ചിരുന്നു. കോവിഡ്-19 മഹാമാരിയുടെ സാഹചര്യത്തിൽ എല്ലാ ജീവനക്കാർക്കും യഥാസമയം ഓഫീസിൽ ഹാജരാകാൻ കഴിയാത്ത സാഹചര്യം വകുപ്പിൽ നിലവിലുണ്ട്.

ഈ സാഹചര്യത്തിൽ മെയിൽ അറ്റൻഡന്റ് / ഫീമെയിൽ അറ്റൻഡന്റ്

തസ്തികയിൽ നിയമനം ലഭിക്കുന്നതിനായി ഓപ്ഷൻ സമർപ്പിക്കുന്നതിനുള്ള സമയപരിധി സെപ്റ്റംബർ-30 വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജില്ലാ ഓഫീസർമാർ ഇത് സംബന്ധിച്ച് ആവശ്യമായ നിർദ്ദേശം ജീവനക്കാർക്ക് നല്കേണ്ടതാണ്. കൂടാതെ ബന്ധപ്പെട്ട കാര്യാലയ മേധാവികൾ സമയപരിധി ദീർഘിപ്പിച്ച് നൽകിട്ടുള്ള വിവരം മെയിൽ അറ്റൻഡന്റ് / ഫീമെയിൽ അറ്റൻഡന്റ് തസ്തികയിൽ നിയമനം ലഭിക്കാൻ യോഗ്യരായ ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിൽപ്പെട്ട ജീവനക്കാരെ യഥാസമയം അറിയിക്കേണ്ടതാണ്.

ഉദ്യോഗകയറ്റ നിയമനത്തിന് യോഗ്യരായ ജീവനക്കാർ ഈ കാര്യാലയത്തിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള 03.08.2020 ലെ SJD/100860/19-E3 നമ്പർ പരിപത്രത്തോടൊപ്പം നൽകിയിട്ടുള്ള ഓപ്ഷൻ ,പ്രൊഫോർമ എന്നിവ പൂരിപ്പിച്ച് കാര്യാലയ മേധാവിയുടെ മേലൊപ്പ് സഹിതം സെപ്റ്റംബർ -30 ന് മുൻപായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. ഈ തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

(ഒപ്പ്)

സാമൂഹ്യനീതി ഡയറക്ടർ

<u>പകർപ്പ് :</u>

1. എല്ലാ കീഴ്കാര്യാലയ മേധാവിമാർക്കും
2. എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും
3. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്